LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

224 (6374) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് കേസെടുത്തിട്ടുണ്ട് ;

(ബി) ഓരോ കേസിന്റെയും വിശദാംശം എന്താണ് ; കേസെടുത്തത് എന്നാണ് ; ഓരോ കേസിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിജിലൻസ് അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമായി എന്നും ഓരോന്നിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മന്ത്രിസഭയിലെ ശ്രീ. പി. ജെ. ജോസഫിനെതിരെ മാത്രമാണ് വിജിലൻസ് കേസെടുത്തിട്ടുള്ളത്.

(ബി) ശ്രീ. പി. ജെ. ജോസഫിനെതിരെ 3 വിജിലൻസ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഓരോ കേസിന്റെയും വിശദാംശം (കേസ് നമ്പർ, ആരോപണം, കേസ്സെടുത്ത വർഷം, കേസിന്റെ നിലവിലെ സ്ഥിതി എന്നിവ) അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലെ മന്ത്രിസഭയിലെ മന്ത്രിമാർ ഉൾപ്പെട്ടിട്ടുള്ള 10 അന്വേഷണ റിപ്പോർട്ടുകൾ കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ എട്ട് എണ്ണത്തിൽ തുടർ നടപടികൾ ആവശ്യമില്ല എന്ന ശിപാർശയോടെ റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിക്കുകയും കോടതി അവ അംഗീകരിക്കുകയും ചെയ്തു. ബാക്കിയുള്ള രണ്ടു കേസുകളിൽ ഒരെണ്ണത്തിൽമേൽ നടപടികൾ ആവശ്യമില്ല എന്ന അന്വേഷണ റിപ്പോർട്ടിന്റെ ശിപാർശയിന്മേൽ കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. രണ്ടാമത്തെ കേസിൽ പ്രസ്തുത കേസ് മിസ്റ്റേക്ക് ഓഫ് ഫാക്ട് ആയി കണക്കാക്കണമെന്ന അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലിനെതിരെ ഫയൽ ചെയ്ത അപ്പീൽ ഹർജി കോടതിയുടെ പരിഗണനയിലാണ്.

ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

225 (6375) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.പി.എസ്. ഉദ്യോഗസ്ഥരായ ആരുടെ പേരിലും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.